**"ഭരണഭാഷ മാതൃഭാഷ"**

**കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : സുനിൽ ജോൺ .ജെ )**

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ഗവണ്മെന്റ് കോളേജ് അദ്ധ്യാപകർ - ബയോടെക്നോളജി വിഭാഗം പൊതു സ്ഥലം മാറ്റം 2026-27 ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നമ്പർ: DCETVM/4129/2026-A1** **തീയതി: 10-08-2026**

---

പരാമർശം: 1.ഈ ഓഫീസിലെ 09.05.2026 തീയതിയിലെ DCETVM/803/2026-B2 നമ്പർ സർക്കുലർ

2. 06.07.2026 തീയതിയിലെ DCETVM/4129/2026-A1 നമ്പർ നടപടിക്രമം

3. ഈ ഓഫീസിലെ 13.07.2026 തീയതിയിലെ DCETVM/803/2026-B2 നമ്പർ സർക്കുലർ

**ഉത്തരവ്**

സർക്കാർ കോളേജുകളിലെ ബയോടെക്നോളജി വിഭാഗം അദ്ധ്യാപകരുടെ 2026-27 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള കരട് പട്ടിക പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അതിന്മേൽ പരാതി ഉണ്ടെങ്കിൽ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന് നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ബയോടെക്നോളജി വിഭാഗത്തിൽ പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ചുവടെ കാണുന്ന പ്രകാരം ബയോടെക്നോളജി വിഭാഗം സർക്കാർ കോളേജ് അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | **ശ്രീമതി. രാഗസീമ വി.എം**<br>ഗവൺമെൻറ് ആർട്സ് കോളേജ്, തിരുവനന്തപുരം<br>(ഓപ്ഷൻ) | ഗവൺമെൻറ് കോളേജ്, കാര്യവട്ടം<br>(ശ്രീമതി. ജയ്റാണി പി.എസ്. നെ സ്ഥലം മാറ്റുന്ന ഒഴിവിൽ) |
| 2 | **ശ്രീമതി. ജയ്റാണി പി.എസ്.**<br>ഗവൺമെൻറ് കോളേജ്, കാര്യവട്ടം<br>(നിർബന്ധിതം) | ഗവൺമെൻറ് ആർട്സ് കോളേജ്, തിരുവനന്തപുരം<br>(ശ്രീമതി. രാഗസീമ വി.എം. -നെ സ്ഥലംമാറ്റം നൽകുന്ന ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ഉടൻ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഈ ഉത്തരവ് ഡൗൺലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

SUNIL JOHN J

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഇൻ ചാർജ്

Digitally signed by
SUNIL JOHN J
Date: 10-08-2026
11:21:55

പകർപ്പ്

1.കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്

2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്

3.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്

4.സി എ ഡയറക്ടർ /അഡീഷണൽ ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

5.എ / ബി സെക്ഷൻ സൂപ്രണ്ട്

6.അക്കൗണ്ടന്റ് ജനറൽ എ &ഇ കേരള തിരുവനന്തപുരം

7.കരുതൽ ഫയൽ /ഓഫീസ് ഫയൽ